## കേരള സർക്കാർ
## സംഗ്രഹം

വനം വകുപ്പ്- ജീവനക്കാര്യം-ഫോറസ്റ്റ് ഗാർഡ് തസ്തികയിലെ 300 ഒഴിവുകൾ ആദിവാസികളിൽ നിന്നും സ്പെഷൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകാൻ അനുമതി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം-വന്യജീവി (എഫ്) വകുപ്പ്

ജി ഒ (എം എസ്) 68/2001/വനം. തിരുവനന്തപുരം. തീയതി:17.11.2001.

---

പരാമർശം:- ഭാരത സർക്കാറിന്റെ എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ് മിനിസ്ട്രിയിലെ ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് ആന്റ് സ്പെഷൽ സെക്രട്ടറിയുടെ 05.2.2001 ലെ ജി ഒ നമ്പർ 6-15/92-എഫ് പി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അനുബന്ധമായി ആദിവാസികൾക്കുള്ള സാധാരണമായ അറിവും സുപരിചിതത്വവും വനം-പരിസ്ഥിതി സംബന്ധമായ അവരുടെ പരിജ്ഞാനവും പ്രയോജനപ്പെടുത്തുന്നതിലേക്കായി ഫോറസ്റ്റ് ഗാർഡ് തസ്തികകളിൽ തദ്ദേശീയരായ ആദിവാസികളെ നീയമിക്കണമെന്ന് കേന്ദ്രസർക്കാർ മേൽപരാമർശപ്രകാരം സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചു. പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മറ്റിയുടെ ഈയിടെ നടന്ന യോഗം ഈ കാര്യം ചർച്ച ചെയ്യുകയും ഫോറസ്റ്റ് ഗാർഡ് തസ്തികകളിൽ ആദിവാസികൾക്ക് മുൻഗണന നൽകുന്നതിനായി ആവശ്യമെന്നു കണ്ടാൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയിലും ശാരീരിക യോഗ്യതകളിലും ഇളവ് അനുവദിക്കണമെന്ന് ശുപാർശ ചെയ്തു. ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള നടപടികൾ കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ (നിലവിലുള്ള തസ്തികകൾ ഉൾപ്പെടെ) 300 ആദിവാസികളെ നിയമിക്കുന്നതിനായി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പരിമിതപ്പെടുത്തിയിട്ടുള്ള നിലവവിലുള്ള യോഗ്യ.തകൾ വ്യവസ്ഥചെയ്തുകൊണ്ട് ഒരു സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തുവാനും, സ്പെഷൽ റിക്രൂട്ട്മെന്റ് ജില്ലാ റിക്രൂട്ട്മെന്റ് ബോർഡിനോട് ആറുമാസത്തിനകം പ്രസ്തുത നിയമനം നടത്തുവാൻ ഉതകുംവിധം പബ്ളിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
(ഒപ്പ്)
ഇ.കെ. ഭരതഭൂഷൻ
സെക്രട്ടറി.

1. സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കണ്ടർവേറ്റർ. തിരുവനന്തപുരം.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
4. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
   കൊല്ലം/കോട്ടയം/തൃശൂർ/ഒലവക്കോട്/കോഴിക്കോട്
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(---) കേരള, തിരുവനന്തപുരം.
6. വനം-വന്യ ജിവി (ഡി) വകുപ്പ് (29/10/2001-ലെ 15083/തി3/01/വനം പ്രകാരം).
7. പൊതുഭരണ ( എസ് സി) വകുപ്പ് (13112001-ലെ 509-ംം നമ്പർ പ്രകാരം).
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം .

സെക്ഷൻ ഓഫീസർ.